# ഓശാന ഞായർ : ഏപ്രിൽ 5 ഞായർ, 2009

**മത്താ. 21 : 1 – 17**

### ഈശോയുടെ ജറുസലേം പ്രവേശനവും ദൈവലയ ശുദ്ധീകരണവും

പ്രവചനങ്ങളുടെ പൂർത്തീകരണമാണ് ഈശോ എന്ന് അടിവരയിട്ട് പ്രഖ്യാപിക്കുകയാണ് വി. മത്തായി ഈ സുവിശേഷത്തിലൂടെ. പ്രവാചകന്മാരായ സഖറിയായുടെയും ഏശയ്യായുടെയും പ്രവചനങ്ങളും, സങ്കീർത്തനകർത്താവായ ദാവിദിന്റെ വാക്കുകളുമെല്ലാം ഈശോയിൽ പൂർത്തീകരിക്കപ്പെടുന്നുവെന്ന് ജറുസലേം പ്രവേശനവും ദൈവാലയ ശുദ്ധീകരണവും എടുത്തു കാണിച്ചുകൊണ്ട് ശ്ലീഹാ അടിവരയിട്ട് പ്രഖ്യാപിക്കുന്നു.

ഇത് സ്വീകരണങ്ങളുടെ കാലമാണ്. ജീവിതത്തിന്റെ വിവിധ മേഖലകളിൽ കഴിവു തെളിയിക്കുന്നവർക്ക്, അനുമോദനങ്ങൾ നേർന്നുകൊണ്ട് സ്വീകരണങ്ങൾ സംഘടിപ്പിക്കപ്പെടുന്നു. 'സ്ലം ഡോഗ് മില്ല്യ നെയർ' എന്ന് സിനിമയിലെ ഗാനങ്ങളിലൂടെയും ശബ്ദവിസ്മയങ്ങളിലൂടെയും തങ്ങളുടെ കഴിവുകൾ തെളിയിച്ച് 'ഓസ്കർ' അവാർഡു നേടിയ A.R റഹ്മാനും റസൂൽപൂക്കുട്ടിക്കും ഭാരതമക്കൾ ആവേശോജ്ജ്വലമായ സ്വീകരണങ്ങൾ നല്കുകയുണ്ടായി. തങ്ങളുടെ രാഷ്ട്രീയനിലപാടുകൾ വ്യക്തമാക്കാനായി രാഷ്ട്രീയ പാർട്ടികൾ നടത്തിയ കേരളയാത്രകൾക്കും ഗംഭീരമായ സ്വീകരണമാണ് ലഭിച്ചത്. സ്ഥാനാർത്ഥിയായി കടന്നു വരുന്ന ജനനേതാക്കൾക്കും ജനങ്ങൾ സ്വീകരണങ്ങൾ നല്കുന്നു. ഇന്ന് ഈ ഓശാന ഞായറിൽ സഭാമാതാവ് വർഷങ്ങൾക്കു മുമ്പു നടന്ന, ഇന്നത്തെ സ്വീകരണങ്ങളെ അതിശയിക്കുന്ന തരത്തിലുള്ള ഒരു രാജകീയ സ്വീകരണത്തിന്റെ വിവരണങ്ങളാണ് നമുക്കു മുമ്പിൽ അവതരിപ്പിക്കുന്നത്.

ജറുസലേമിലേക്കുള്ള രാജകീയ പ്രവേശനവും അത് ജനങ്ങൾക്കിടയിലുണ്ടാക്കിയ അനുകൂല പ്രതികരണവുമാണ് യഥാർത്ഥത്തിൽ ഈശോയുടെ പെട്ടന്നുള്ള അറസ്റ്റിനും കുരിശുമരണത്തിനും കാരണമാകുന്നത്. ഈശോയ്ക്ക് വ്യക്തമായി അറിയാമായിരുന്നു ജറുസലേമിൽ എത്തിയാൽ താൻ വധിക്കപ്പെടുമെന്ന്. എന്നാൽ ധൈര്യപൂർവ്വം ഈശോ ജറുസലേമിൽ പ്രവേശിക്കുന്നു. റോമാക്കാരുടെ അടിമത്തത്തിൽ കഴിഞ്ഞിരുന്ന യഹൂദരിൽ ഭൂരിഭാഗവും ഈശോയെ തങ്ങളുടെ രാജാവായി കണ്ടിരുന്നു. ദാവീദിന്റെ വംശത്തിൽ പിറന്ന അത്ഭുതങ്ങൾ പ്രവർത്തിക്കുന്ന ഈശോയെ തങ്ങളുടെ ശക്തനായ നേതാവായി അവർ കരുതി. ഈശോ തങ്ങൾക്ക് ഭൗതീക സ്വാതന്ത്ര്യവും രാജ്യവും നേടിത്തരുമെന്ന് അവർ വിശ്വസിച്ചു. ഈ പ്രതീക്ഷയുടെ പൂർത്തീകരണമായാണ് ജനങ്ങൾ ഈശോയുടെ ജറുസലേം പ്രവേശനത്തെ കാണുന്നത്. തന്റെ പരസ്യ ജീവിതത്തിന്റെ ആദ്യഘട്ടത്തിൽ അപ്പം വർദ്ധിപ്പിച്ച സമയത്ത് തന്നെ രാജാവാക്കാൻ ജനങ്ങൾ ശ്രമിക്കുമ്പോൾ ഒഴിഞ്ഞു മാറാൻ ശ്രമിക്കുന്ന ഈശോയെ നാം കണ്ടുമുട്ടുന്നുണ്ട്. എന്നാൽ ഇവിടെ ഈശോ ജനങ്ങളുടെ ആഗ്രഹത്തിന് എതിരുനിൽക്കുന്നില്ല. അതേ സമയം അവരുടെ മനോഭാവത്തെ ഈശോ തിരുത്തുന്നുണ്ട്. മഹത്വത്തിന്റെ കിരീടമണിഞ്ഞ രാജാവായ മിശിഹായല്ല താൻ എന്ന് ഈശോ അവരെ ഓർമ്മപ്പെടുത്തുന്നു. സഖറിയാ പ്രവാചകന്റെ വാക്കുകളുടെ പൂർത്തീകരണമായ എളിമയുള്ളവനും വിനീതഹൃദയനുമായ മിശിഹായാണ് താൻ എന്ന് സമാധാനത്തിന്റെയും ശാന്തിയുടെയും പ്രതീകമായ കഴുത

യുടെ പുറത്ത് യാത്ര ചെയ്തുകൊണ്ട് ഈശോ വെളിപ്പെടുത്തുന്നു. താൻ സമാധാന രാജാവാണ് എന്ന സത്യം അവരെ ഓർമ്മിപ്പിക്കുന്നു.

എല്ലാവരാലും അവഗണിക്കപ്പെടുന്ന പരിഹസിക്കപ്പെടുന്ന മൃഗമായ കഴുത ഈശോയ്ക്ക് ആവശ്യമുള്ള മൃഗമായിത്തീരുന്നു. എനിക്ക് അതിനെ ആവശ്യമുണ്ട് എന്ന വാക്കുകൾ നമുക്കും പ്രചോദനമേകണം. ജീവിതത്തിന്റെ പരാജയ നിമിഷങ്ങളിൽ പലരും നമ്മെ നോക്കി ഇങ്ങനെ പറഞ്ഞിട്ടുണ്ടാകും : 'നിന്നെകൊണ്ട് യാതൊരു പ്രയോജനവും ഇല്ല' എന്ന് . പലരും സ്വയം ചിന്തിക്കുന്നുണ്ടാകും എന്റെ ജീവിതം ഒരു കഴുതയുടെ ജീവിതത്തിന് തുല്യമാണ് എന്ന്. ജീവിതഭാരം ചുമക്കുവാൻ മാത്രമുള്ള ഒരു ജീവിതം. മക്കളാലും ജീവിതപങ്കാളിയാലും മെല്ലാം ഉപേക്ഷിക്കപ്പെട്ട് കഴിയുന്ന വളരെയേറെപ്പേരെ നമുക്ക് കണ്ടു മുട്ടുവാൻ കഴിയും. പക്ഷെ ഈശോ ഇന്ന് നമ്മെ നോക്കി പറയുകയാണ് എനിക്ക് നിന്നെ ആവശ്യമുണ്ട് എന്ന്. നിന്റെ പ്രിയപ്പെട്ടവർക്ക് നിന്നെ ആവശ്യമില്ലായിരിക്കാം. പക്ഷെ ഈശോയ്ക്ക് നിന്നെ ആവശ്യമുണ്ട്. നല്ല ഇടയനായ ഈശോ നമ്മെ തേടി അലയുകയാണ്. തന്നെ ചുമക്കുവാനായി ഈശോ അന്ന് കഴുതയെ തിരഞ്ഞെടുത്തുവെങ്കിൽ ഇന്ന് തന്നെ ചുമക്കുവാനായി ഈശോ നമ്മെ തിരഞ്ഞെടുക്കുകയാണ്. ഈശോയെ, അവിടുത്തെ മൗതീകശരീരമായ സഭയെ ജീവിതത്തിൽ വഹിക്കുവാനുള്ള വിളി നമുക്ക് സന്തോഷത്തോടെ സ്വീകരിക്കാം. ഇന്നത്തെ സാമൂഹിക രാഷ്ട്രീയ ചുറ്റുപാടിൽ സഭയോടൊത്ത് ചിന്തിക്കുവാനും പ്രതികരിക്കുവാനും നമുക്ക് സാധിക്കട്ടെ. ഈശോയെ വഹിച്ചപ്പോഴാണ് കഴുതയ്ക്ക് ബഹുമാനവും പരിഗണനയും കിട്ടിയാൽ. അതുപോലെ ഈശോയെ സ്വജീവിതത്തിൽ വഹിച്ച് ബഹുമാനിതരാകുവാൻ നമുക്കും പരിശ്രമിക്കാം.

ഓശാന എന്ന വാക്കിന്റെ അർത്ഥം രക്ഷിക്കുക എന്നാണ്. അങ്ങനെ വരുമ്പോൾ ഓശാന ഞായർ രക്ഷയുടെ ഞായറാണ്. മനുഷ്യരുടെ സർവ്വോന്മുഖമായ രക്ഷയാണ് ഓശാന ഞായർ നമുക്കു മുമ്പിൽ അവതരിപ്പിക്കുന്നത്. ഈശോയെ ദാവീദിന്റെ പുത്രനായും, പ്രവാചകനായും, കർത്താവായും ജനങ്ങൾ ഏറ്റുപറയുന്നു. ഈശോ നല്കുന്ന രക്ഷ സാർവ്വത്രികമാണ്. ദൈവാലയ ശുദ്ധീകരണത്തിലൂടെ ഈശോ നമ്മുടെ ആന്തരിക വിശുദ്ധിയുടെ പ്രാധാന്യം നമ്മെ ഓർമ്മിപ്പിക്കുന്നു. ദൈവാരാധനയുടെ സ്ഥലമായ ദൈവാലയം ഈശോ ശുദ്ധീകരിക്കുന്നു. ദൈവത്തിന്റെ ആലയമായ ശരീരവും ശുദ്ധീകരിക്കേണ്ടതിന്റെ ആവശ്യകത ഈശോ നമുക്ക് നല്കുന്നു. ഹൃദയ ശുദ്ധീകരണം ദൈവോന്മുഖജീവിതത്തിൽ വളരെ പ്രധാനപ്പെട്ട സംഗതിയാണ്. സഹോദരങ്ങളും, ദൈവവുമായുള്ള ബന്ധത്തിൽ കച്ചവട മനസ്ഥിതിയോ, ക്രയവിക്രയ മനോഭാവമോ, ആർത്തിയോ ലാഭകൊതിയോ ഒന്നും വരാതെ നാം ശ്രദ്ധിക്കണം. ഇത്തരം മലിനതയിൽ നിന്നെല്ലാം മുക്തമായി വേണം നാം ദൈവസന്നിധിയിൽ എത്താൻ. അങ്ങനെ വരുമ്പോൾ ആരാധനയ്ക്കർഹനായവന്റെ തിരുമുമ്പിൽ നമ്മുടെ ഹൃദയത്തിലെ പ്രാർത്ഥനകളും അധരങ്ങളിലെ സ്തുതിയും സ്വീകാര്യമാകും.

വിദേശ നാടുകളിൽ നിന്നും ഒഴുകുന്ന പണം ചില കുടുംബ ബന്ധങ്ങളിലെങ്കിലും വിള്ളലുകൾ സൃഷ്ടിക്കാൻ തുടങ്ങിയിരിക്കുന്നു. സമ്പത്തിന്റെ അതിപ്രസരത്തിൽ കേരളത്തിലെ കുടുംബബന്ധങ്ങളിൽ തകർച്ച വന്നുതുടങ്ങിയിരിക്കുന്നു. ആർക്കും ആരെയും വിശ്വാസമില്ലാത്ത അവസ്ഥ സംജാതമായികൊണ്ടിരിക്കുന്നു. ഒരുവൻ അപരന് ഭാരമായിത്തീർന്നുകൊണ്ടിരി

ക്കുന്നു. ആത്മദാനത്തിന്റെ വില പലരും മനസ്സിലാക്കാതെ വരുന്നു. ആത്മദാനത്തിന്റെ നഷ്ടം വരിക്കലിലൂടെയോ അപരൻ വളരൂ എന്ന സത്യം പലരും ബോധപൂർവ്വം മറക്കുന്നു. ആത്മദാനത്തിലൂടെ അപരന് ജീവൻ നല്കിയ ഈശോ പലർക്കു മുന്നിലും ഒരു അത്ഭുതമായി നിലകൊള്ളുന്നു. പണത്തിന് പ്രാധാന്യം കൂടുമ്പോൾ അവിടെ ദൈവത്തിന് പ്രാധാന്യം കുറയുന്നു. ദൈവവും മാമോനും ശത്രുക്കളാകുന്നത് ഇക്കാരണത്താലാണ്. നമുക്ക് ഈ ഓശാന ഞായർ ചിന്തിക്കാം. എന്റെ ജീവിതത്തിലും ആത്മീയതയിലും ലാഭചിന്തയാണോ അതോ നഷ്ടം വഹിക്കാനുള്ള മനസ്സാണോ ഭരണം നടത്തുന്നത്? ആർക്കും വേണ്ടെങ്കിലും എനിക്ക് നിന്നെ ആവശ്യമുണ്ട് എന്ന ഗുരുമൊഴി ഞാൻ എപ്പോഴെങ്കിലും കേട്ടിട്ടുണ്ടോ?

നമ്മുടെ ജീവിതത്തെ വിശുദ്ധീകരിക്കുവാനുള്ള തീരുമാനം നമുക്ക് ഈ ഓശാനഞായർ ദിനത്തിൽ എടുക്കാം. ഒപ്പം ഞാൻ ദൈവത്തിന് വേണ്ടപ്പെട്ടവനാണ് എന്ന ബോധ്യം നമ്മിൽ ഉറപ്പിക്കാം.

**ഡീ. തോമസ് കുളമാക്കൽ**